(ബി) യാത്രക്കാർക്ക് ഉപയോഗപ്രദമായ രീതിയിൽ വൃത്തിയും വെടിപ്പുമുള്ള ടോയിലറ്റ് സൗകര്യങ്ങളോടുകൂടിയ വഴിയോര സൗകര്യങ്ങൾ സ്ഥാപിക്കുക എന്നതാണ് പ്രഥമമായ ഉദ്ദേശ്യലക്ഷ്യം.

(സി&ഡി) ആശ്വാസ് പബ്ലിക് അമിനിറ്റീസ് സെന്ററിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും ശാരീരിക വൈകല്യമുള്ളവർക്കും പ്രത്യേകം പ്രത്യേകമായി ടോയിലറ്റ് സൗകര്യത്തിന് പുറമേ ലഘുഭക്ഷണശാല, മൈമെന്റോഷോപ്പ്, വിശ്രമ സൗകര്യം, ബാങ്ക്, എ.റ്റി.എം ലോക്കർ, യാത്രാക്കാർക്കാവശ്യമായ വിവരങ്ങൾ, പൂന്തോട്ടം തുടങ്ങിയവയിൽ ഓരോ സ്ഥലത്തിനും അനുയോജ്യമായ സൗകര്യങ്ങൾ കൂടി ഉൾപ്പെടുത്തി നിശ്ചിത യൂസർ ഫീയോടുകൂടി പ്രവർത്തിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ഗ്രാമീണ റോഡുവികസന പദ്ധതി

137 (2633) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സഹായത്താലുള്ള ഗ്രാമീണ റോഡുവികസന പദ്ധതിയിൽ കാലതാമസ്സം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കാരണം വിശദീകരിക്കുമോ ;

(ബി) ഗ്രാമീണ റോഡുവികസന പദ്ധതി നടപ്പാക്കുന്നതിലെ വീഴ്ച പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) നൂറ് ശതമാനം കേന്ദ്ര സഹായമുള്ള പദ്ധതിയായ പി.എം.ജി.എസ്.വൈ പദ്ധതിയിൽ റോഡ് വികസനവുമായി ബന്ധപ്പെട്ട് കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ റോഡ് വികസനവുമായി ബന്ധപ്പെട്ട വീഴ്ചകൾ പരിഹരിച്ച് റോഡുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രതിമാസ സംസ്ഥാനതല അവലോകന യോഗത്തിനുപുറമെ അതാത ജില്ലകളിൽകൂടി പ്രതിമാസ അവലോകനയോഗം നടത്തുന്നതിന് എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർമാനായുള്ള പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ റീജിയണൽ റിവ്യൂ മീറ്റിംഗുകളും സംസ്ഥാനതല മീറ്റിംഗുകളും നടത്തിവരുന്നു. സംസ്ഥാനത്ത് വിവിധ ഘട്ടങ്ങളിലായി കരാർ ഉറപ്പിക്കുവാൻ കഴിയാത്ത പ്രവൃത്തികൾക്കെല്ലാംതന്നെ പി.എം.ജി.എസ്.വൈ. 2013 ഷെഡ്യൂൾ പ്രകാരം പുതുക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ആറന്മുള ആഞ്ഞിലിമൂട്ടിൽകടവ് പാലം നിർമ്മാണം

138 (2634) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള ആഞ്ഞിലിമൂട്ടിൽകടവ് പാലം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി 2014 ജൂൺ മാസം ലഭിച്ചെങ്കിലും സാങ്കേതികാനുമതി ലഭിക്കാത്തതിലെ കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ ;

(ബി) സാങ്കേതിക അനുമതി ലഭ്യമാക്കി ടെണ്ടർ നടപടി ഉടൻ ആരംഭിച്ച് പണി പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ & ബി) ഈ പാലത്തിന്റെ ഭരണാനുമതി 2014 ജൂൺ മാസത്തിൽ ലഭിച്ചെങ്കിലും ഇതിന്റെ വിശദമായ ഡിസൈൻ തയ്യാറാക്കുന്നതിനും പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും അൽപ്പം കാലതാമസം നേരിട്ടു. ഇപ്പോൾ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എത്രയും പെട്ടെന്ന് സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly